Draft #2 of File 87625/AC A9-1/2021/AC A 9 Approved by ASSISTANT REGISTRAR III (ACADEMIC) on 22-Jun-2021 04:38 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

PG CSS 2019 - പ്രൈവറ്റ് രജിസ്ട്രേഷൻ സമ്പ്രദായത്തിലെ ഇന്റേണൽ മൂല്യനിർണയം,പരീക്ഷാ നടത്തിപ്പ് ഇവയിലുള്ള അവ്യക്തത പരിഹരിയ്ക്കുന്നതിനുള്ള ശുപാർശകൾ - സർവ്വകലാശാലാ ആക്റ്റ് 1985 അദ്ധ്യായം 3 വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 9 സെക്ഷൻ**

നമ്പർ. 2813/AC A 9/2021/എം.ജി.യു　　　　　　　　　　പ്രിയദർശിനി ഹിൽസ്,തീയതി: 22.06.2021

---

*പരാമർശം:*-1) സർവ്വകലാശാലാ ഉത്തരവ് നമ്പർ 5565/Ac A9/2019/എം ജി യു,തീയതി 11.11.2019.

2) സർവ്വകലാശാലാ ഉത്തരവ് നമ്പർ 699/Ac A9/2021/എം ജി യു,തീയതി 01.02.2021.

3)18.06.2021 തീയതിയിൽ നടന്ന ബോർഡ് ഓഫ് സ്റ്റഡീസ് അദ്ധ്യക്ഷന്മാരുടെ (Private Registration ബാധകമായ പ്രോഗ്രാമുകളുടെ) ഓൺലൈൻ യോഗത്തിന്റെ മിനിറ്റ്സ്.

4) വൈസ് ചാൻസിലറുടെ 21.06.2021 തീയതിയിലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരമുള്ള ഉത്തരവിൽ പ്രൈവറ്റ് രജിസ്ട്രേഷൻ സമ്പ്രദായത്തിലുള്ള വിദ്യാർത്ഥികളുടെ Internal മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് അവ്യക്തതകൾ നിലനിന്നിരുന്നു. ടി അവ്യക്തതകൾ പരിഹരിയ്ക്കുന്നതിനായി പരാമർശം (3) പ്രകാരം യോഗം ചേരുകയും ചുവടെ നൽകിയിരിക്കുന്ന ശുപാർശകൾ അക്കാദമിക് കൗൺസിലിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

1. 2019, 2020 പ്രവേശന വർഷങ്ങളിലെ പ്രൈവറ്റ് രജിസ്ട്രേഷൻ പ്രോഗ്രാമുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾ external മൂല്യനിർണ്ണയത്തിൽ നേടുന്ന ഗ്രേഡുകൾക്ക് ആനുപാതികമായി internal ഗ്രേഡ് നൽകുക.

2. 2021 പ്രവേശന വർഷം മുതൽ Internal മൂല്യനിർണ്ണയം റഗുലേഷൻസ് അനുശാസിക്കുന്ന രീതിയിൽ (അനുച്ഛേദം 12.2) ഒബ്ജക്റ്റീവ് ചോദ്യപേപ്പർ ഉൾപ്പെടുത്തി (MCQ) പരീക്ഷ നടത്തുക.

3) പ്രൈവറ്റ് രജിസ്ട്രേഷൻ MA English വിദ്യാർത്ഥികൾക്ക് സെമിനാറിന് പകരമായി Dissertation സമർപ്പിച്ചാൽ മതിയാകും എന്ന് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. Dissertation ഒഴിവാക്കി നല്കണം എന്ന് ആവശ്യപ്പെട്ട് വിദ്യാർത്ഥികളുടെ പരാതി ലഭിയ്ക്കുകയും ആയത് ഈ യോഗത്തിൽ ചർച്ച ചെയ്യപ്പെടുകയും ചെയ്തു. അതിൻ പ്രകാരം Dissertation എന്ന ടൈറ്റിൽ നിലനിർത്തിക്കൊണ്ട്, ചുവടെ നല്കിയിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ 1500 വാക്കിൽ കുറയാത്ത ഉപന്യാസം (Long Essay) സമർപ്പിച്ചാൽ മതിയാകും എന്ന് ശുപാർശ ചെയ്തു.

1. English Renaissance Literature.
2. Neoclassical British Literature.
3. English Romantic Literature.
4. The Victorian Literature in Britain.
5. Modern, Post-Modern and Post-Colonial English Literature.

ഇപ്രകാരം വിദ്യാർത്ഥികൾ സ്വയം എഴുതി തയ്യാർ ചെയ്ത ഉപന്യാസം നാലാം സെമസ്റ്റർ തിയറി പരീക്ഷയുടെ അവസാന ദിവസം, പ്രത്യേകമായി പരീക്ഷാ കേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്. ടി ഉപന്യാസം സ്വീകരിക്കുന്നതും, മൂല്യനിർണയത്തിന് നല്കുന്നതും സംബന്ധിച്ച് ഉചിതമായ നിർദ്ദേശങ്ങൾ പരീക്ഷാ കേന്ദ്രങ്ങൾക്ക് നൽകുന്നതിനും ശുപാർശ ചെയ്തു.

കൂടാതെ പരാമർശം (1) ഉത്തരവിലെ അനുബന്ധത്തിലെ END-Semester Examination എന്ന വ്യവസ്ഥ നടപ്പിൽ വരുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നതിനാൽ, ടി വ്യവസ്ഥ റദ്ദ് ചെയ്യുന്നതിനും, PG CSS 2019 റഗുലേഷനിലെ അനുച്ഛേദം 11.3 ൽ അനുശാസിച്ചിരിക്കുന്നത് പ്രകാരം അക്കാദമിക് വർഷത്തിന്റെ അവസാനം ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾ നടത്തുന്ന രീതി തുടരുന്നതിനും ശുപാർശ ചെയ്തു.

മേൽ ശുപാർശകൾ 21.06.2021 തീയതിയിൽ പരാമർശം (4) പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അധ്യായം 3 വകുപ്പ് 10(17) നൽകുന്ന അധികാരം ഉപയോഗിച്ച് വൈസ് ചാൻസിലർ അംഗീകരിച്ചിരിക്കുന്നു.

പരാമർശപ്രകാരമുള്ള ഉത്തരവുകൾ ഇതിനാൽ പരിഷ്ക്കരിക്കപ്പെട്ടിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

റേച്ചൽ കെ ഐ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)

Draft #2 of File 87625/AC A9-1/2021/AC A 9 Approved by ASSISTANT REGISTRAR III (ACADEMIC) on 22-Jun-2021 04:38 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) വി സി /പി വി സി എന്നിവരുടെ പി എസ് മാർ
2) രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എമാർ
3) ജെ ആർ II (ഭരണവിഭാഗം )/ഡി ആർ II/എ ആർ III (അക്കാദമികവിഭാഗം)
4) ജെ ആർ I,III/ ഡി ആർ I,IV,V / എ ആർ VIII,IX,XIII (പരീക്ഷാവിഭാഗം)
5) പ്രൈവറ്റ് രജിസ്ട്രേഷൻ സെക്ഷനുകൾ /CETEX / EA I
6) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ ക്യു എ സി
7) റെക്കോർഡ്സ് സെക്ഷൻ / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

File 87625/AC A9-1/2021/Ac A9

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 87625/AC A9-1/2021/AC A 9 Approved by ASSISTANT REGISTRAR III (ACADEMIC) on 22-Jun-2021 04:38 PM - Page 3